LIBRARY ARCHIVES Kerala Legislative Assembly

ടെക്നോ ലോഡ്ജ് പദ്ധതി യുടെ പ്രവർത്തനം

72(1325) ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. ബി. രാഘവൻ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആവിഷ്കരിച്ച 'ടെക്നോ ലോഡ്ജ് പദ്ധതി'-യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) 'ടെക്നോ ലോഡ്ജ് പദ്ധതി' നടപ്പാക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ നൽകുന്നതിന് എത്ര പഞ്ചായത്തുകൾ മുന്നോട്ടുവന്നിട്ടുണ്ട് ;

(ഡി) പദ്ധതി കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ടെക്നോ ലോഡ്ജ് പദ്ധതി ഒരു പൈലറ്റ് പദ്ധതിയായി കൊല്ലം ജില്ലയിലെ കടയ്ക്കലും പെരിനാടുമാണ് ആരംഭിച്ചിട്ടുള്ളത്. ഈ പദ്ധതിയെ വിലയിരുത്തുവാനുള്ള സമയമായി വരുന്നതേയുള്ളൂ.

(ബി) ടെക്നോ ലോഡ്ജ് പദ്ധതി പഞ്ചായത്തുകളുടേയും സർക്കാർ ഏജൻസികളുടേയും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥല സൗകര്യങ്ങൾ പാട്ടത്തിന് എടുത്ത് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. ഇപ്രകാരം സജ്ജീകരിച്ച സ്ഥലസൗകര്യങ്ങൾ മിതമായ നിരക്കിൽ ബിസിനസ്സിനായി നൽകുന്നു. ലഭ്യമാകുന്ന വാടകയുടെ 10% പഞ്ചായത്തുകൾക്ക് നൽകുന്നതാണ്.

(സി) ഇതിനോടകം തയ്യാറായി വന്നതും അനുയോജ്യമെന്ന് കണ്ടെത്തിയതുമായ 11 സ്ഥലങ്ങളിൽ ടെക്നോ ലോഡ്ജ് പദ്ധതി ആരംഭിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) ടെക്നോ ലോഡ്ജ് പദ്ധതി ഇപ്പോൾ ആരംഭിക്കുന്ന സ്ഥലങ്ങളിലെ പ്രവർത്തനങ്ങൾ വിശദമായി വിലയിരുത്തിയതിനു ശേഷം കൂടുതൽ പഞ്ചായത്തുകളിൽ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ആരായാവുന്നതാണ്.

സ്മാർട്ട് സിറ്റിയുടെ നിർമ്മാണം

73(1326) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാലുവർഷമായി സ്മാർട്ട് സിറ്റിയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) ഇതുസംബന്ധിച്ച് ടീകോമുമായി ഉണ്ടായ തർക്കങ്ങൾ എന്തെല്ലാമായിരുന്നു;

(സി) തർക്കങ്ങൾ ദൂരീകരിക്കുന്നതിന് എന്തെല്ലാം ചെയ്തു ;

(ഡി) പുതിയ പാട്ടക്കരാർ എന്നത്തേക്ക് ഒപ്പുവയ്ക്കാൻ സാധിക്കും ;

(ഇ) ഇതിൽ പുതുതായി ചേർക്കുന്ന വ്യവസ്ഥകൾ എന്തെല്ലാം ;

(എഫ്) ടീകോമിന് സ്വതന്ത്ര അവകാശത്തോടെ എത്ര ഹെക്ടർ ഭൂമിയാണ് നൽകുന്നത് ;

(ജി) ടീകോമിന് സ്വതന്ത്ര അവകാശമായി നൽകുന്ന ഭൂമിയിൽ അവർക്ക് പാട്ടവ്യവസ്ഥയിൽ ക്രയവിക്രയം ചെയ്യാൻ അവകാശമുണ്ടോ ;

(എച്ച്) എങ്കിൽ എത്ര വർഷത്തേക്കാണ് അപ്രകാരം ഭൂമി അന്യാധീനപ്പെടുത്തുവാൻ ടീകോമിന് അവകാശമുള്ളത് ;

(ഐ) ഈ പദ്ധതി ആരംഭിക്കുവാനുണ്ടായ കാലതാമസംമൂലം സർക്കാരിനും ഉദ്യോഗാർത്ഥികൾക്കും എന്തെല്ലാം നഷ്ടമാണ് ഉണ്ടായിട്ടുള്ളത് ;

(ജെ) ഈ നഷ്ടം കാലതാമസം വരുത്തിയവരിൽ നിന്ന് ഈടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(കെ) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സ്മാട്ട്സിറ്റിയുമായി ഒപ്പുവച്ച പാട്ടക്കാരാറുകൾ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം അസാധുവായതിനാൽ പുതിയ പാട്ടക്കരാറുകൾ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവന്ന സന്ദർഭത്തിൽ സ്മാർട്ട്സിറ്റി ടീകോം പ്രതിനിധികൾ ഫ്രെയിംവർക്ക് എഗ്രിമെന്റിൽ Clause 5.4 സംബന്ധിച്ച് ചില വിശദീകരണം ഉന്നയിക്കുകയുണ്ടായി. പഴയ പാട്ടക്കരാറിൽ ഇല്ലാതിരുന്ന ഫ്രെയിംവർക്ക് എഗ്രിമെന്റിൽ പറയുന്ന ഫ്രീഹോൾഡ് സംബന്ധിച്ച വ്യവസ്ഥ പുതിയ പാട്ടക്കരാറിൽ ഉൾപ്പെടുത്തണമെന്ന് ടീകോം ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ സർക്കാർ ഫ്രെയിംവർക്ക് എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന Clause 5.4 മാനിക്കുമെന്ന് പല പ്രാവശ്യം ടീകോമിനെ അറിയിച്ചിട്ടും അവർക്ക് തൃപ്തികരമല്ലാത്തതുകൊണ്ട് ഇക്കാര്യം പരിഹരിക്കുന്നതിനായി അവരുമായി പലവട്ടം ചർച്ചകൾ നടത്തുകയുണ്ടായെങ്കിലും ഇക്കാര്യത്തിൽ ഒരു തീരുമാനത്തിൽ എത്തിച്ചേരുവാൻ സാധിച്ചില്ല. തുടർന്ന് ടീകോമുമായി ചർച്ച തുടരാൻ NORKA വൈസ് ചെയർമാനെ ചുമതലപ്പെടുത്തി. അദ്ദേഹം ദുബായ് ഗവൺമെന്റിന്റെ സുപ്രീം ഫിസ്കൽ ഇൻവെസ്റ്റ്മെന്റ് കമ്മിറ്റി അംഗങ്ങളും മറ്റുള്ളവരുമായി ചർച്ചകൾ നടത്തുകയുണ്ടായി. തുടർന്ന് മുഖ്യമന്ത്രിയുമായി നേരിട്ട് ചർച്ച നടത്തുന്നതിനായി വന്ന ദുബായ് ഇന്റർനാഷണൽ ഫിനാൻഷ്യൽ സെന്ററിന്റെ ഗവർണറും ദുബായ് സർക്കാരിന്റെ സുപ്രീം ഫിസ്കൽ ഇൻവെസ്റ്റ്മെന്റ് കമ്മിറ്റി അംഗവുമായ ശ്രീ. അഹമ്മദ് അൽ തായറിന്റെ നേതൃത്വത്തിലുള്ള ഡെലിഗേഷനുമായി 2-2-2011-ൽ മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ തർക്ക വിഷയങ്ങൾ പരിഹരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി&ഇ) പുതിയ പാട്ടക്കരാർ തയ്യാറാക്കി വരുന്നു. ഉടൻതന്നെ ഒപ്പുവയ്ക്കാൻ സാധിക്കുന്നതാണ്.

(എഫ്-എച്ച്) ദുബായ് ഇന്റർനാഷണൽ ഫിനാൻഷ്യൽ സെന്ററിന്റെ ഗവർണറും ദുബായ് സർക്കാരിന്റെ സുപ്രീം ഫിസ്കൽ ഇൻവെസ്റ്റ്മെന്റ് കമ്മിറ്റി അംഗവുമായ ശ്രീ. അഹമ്മദ് അൽ തായറിന്റെ നേതൃത്വത്തിലുള്ള ഡെലിഗേഷനുമായി 2-2-2011-ൽ മുഖ്യമന്ത്രി നടത്തിയ ചർച്ചയുടെ മിനിട്സ് അനുബന്ധമായി വച്ചിരിക്കുന്നു.*

(ഐ-കെ) പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ചില തർക്കങ്ങളുണ്ടായിരുന്നത് ചർച്ചയിലൂടെ പരിഹരിച്ചിട്ടുണ്ട്.

സ്മാർട്ട്സിറ്റി കരാർ

74(1327) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട്സിറ്റി സംബന്ധമായി ടീകോമുമായി ആദ്യമായി കരാറിൽ ഒപ്പു വെച്ചത് എന്നായിരുന്നു എന്നും പ്രസ്തുത കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടീകോമുമായി ഉണ്ടാക്കിയ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പദ്മശ്രീ എം.എ. യൂസഫലിയുമായിയുള്ള ചർച്ചയുടെ അടിസ്ഥാനത്തിലുള്ള തീരുമാനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേരള സർക്കാരും TECOM FZ-LLC യുമായി 13-5-2007 ലാണ് ഫ്രെയിംവർക്ക് എഗ്രിമെന്റ് ഒപ്പുവച്ചത്. പ്രസ്തുത കരാറിന്റെ പകർപ്പ് അനുബന്ധം I ആയി വച്ചിരിക്കുന്നു.*

(സി) ദുബായ് ഇന്റർനാഷണൽ ഫിനാൻഷ്യൽ സെന്ററിന്റെ ഗവർണറും ദുബായ് സർക്കാരിന്റെ സുപ്രീം ഫിസ്കൽ ഇൻവെസ്റ്റ്മെന്റ് കമ്മിറ്റി അംഗവുമായ ശ്രീ. അഹമ്മദ് അൽ തായറിന്റെ നേതൃത്വത്തിലുള്ള ഡെലിഗേഷനുമായി 2-2-2011-ൽ മുഖ്യമന്ത്രി നടത്തിയ ചർച്ചയുടെ മിനിട്സ് അനുബന്ധം 2 ആയി വച്ചിരിക്കുന്നു.*

സ്മാർട്ട്സിറ്റി പദ്ധതിക്ക് കൈമാറ്റം ചെയ്ത ഭൂമി

75(1328) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട്സിറ്റി പദ്ധതിക്കുവേണ്ടി നീക്കിവച്ച 246 ഏക്കർ ഭൂമിയും പ്രത്യേക സാമ്പത്തിക മേഖലയിൽ ഉൾപ്പെട്ടതാണോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly